23
FRIDAY
# ദുബായ് വാർത്ത
www.dubaivartha.com
MAY 2019 A WHATSAPP NEWS PAPER





| ഇന്ത്യ | 542/542 | |
|---|---|---|
| NDA | UPA | OTH |
| 352 | 90 | 100 |

| കേരളം | | 20 |
|---|---|---|
| UDF | LDF | NDA |
| 19 | 1 | 0 |

( IST : 7.30 വരെ)




രാജ്യത്ത് വീണ്ടും ആഞ്ഞടിച്ച മോദി തരംഗത്തിൽ ബിജെപി വൻ വിജയത്തിലേക്ക്. എക്സിറ്റ് പോളുകൾ പ്രവചിച്ചതിനേക്കാളും തിളക്കമാർന്ന ജയത്തോടെയാണ് എൻഡിഎ വീണ്ടും അധികാരത്തിലേക്കെത്തുന്നത്.

വോട്ടെണ്ണൽ ആരംഭിച്ച് 2 മണിക്കൂറോളം പിന്നിട്ടപ്പോൾ സ്ക്രീനിൽ 20 മണ്ഡലങ്ങൾക്ക് നേരെ നിറഞ്ഞത് യുഡിഎഫിന്റെ സ്ഥാനാർത്ഥികളാണ്. രാഗാ തരംഗം മാത്രമല്ല. ശബരിമല സ്ത്രീ പ്രവേശന വിഷയത്തിൽ സർക്കാർ സ്വീകരിച്ച നിലപാടും യുഡിഎഫിന് അനുകൂല സാഹചര്യം ഒരുക്കുകയായിരുന്നു.

## 26ാം തിയ്യതി മോദി പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും



ബി.ജെ.പി ദേശീയ അധ്യക്ഷൻ അമിത് ഷാ ആയിരിക്കും മന്ത്രിസഭയിലെ രാമൻ. അമിത് ഷാ ബി.ജെ.പി ദേശീയ അധ്യക്ഷ പദവി ഒഴിയും. കേന്ദ്ര പ്രതിരോധ മന്ത്രി നിർമ്മലാ സീതാരാമൻ ബി.ജെ.പി അധ്യക്ഷ സ്ഥാനം ഏറ്റെടുക്കുമെന്നാണ് റിപ്പോർട്ട്.

## വലത്തോട്ടു ചാഞ്ഞ് കേരളം; 19 സീറ്റുകളിൽ ജയം, എൽ ഡി എഫിന് ആലപ്പുഴ മാത്രം.



എക്സിറ്റ് പോൾ ഫലങ്ങളും കാറ്റിൽപ്പറത്തി കേരളത്തിൽ യുഡിഎഫ് തരംഗം. എൽ ഡി എഫിനെ കേവലം ഒരു സീറ്റിലേക്ക് ഒതുക്കിയാണ് യുഡിഎഫിന്റെ തേരോട്ടം.9 യുഡിഎഫ് സ്ഥാനാർഥികളാണ് ലക്ഷം വോട്ടിന്റെ ലീഡിൽ വിജയിച്ചത്.

23
FRIDAY
MAY 2019
ദുബായ് വാർത്ത
www.dubaivartha.com
A WHATSAPP NEWS PAPER


# സുരക്ഷിതമാകണം താമസ സ്ഥലം; അബുദാബിയിൽ കർശന പരിശോധന




**അബുദാബി : താമസ സുരക്ഷ സംബന്ധിച്ച് തലസ്ഥാന എമിറേറ്റിൽ പരിശോധന ഊർജിതമാക്കി.**

പരിധിയിലേറെ ആളുകളെ താമസിപ്പിക്കുക, കെട്ടിടങ്ങൾക്ക് അനുമതി നേടാതിരിക്കുക തുടങ്ങിയ നിയമ ലംഘനങ്ങൾക്കാണ് നടപടി

---

# അമേഠിയിൽ അടിപതറി രാഹുൽഗാന്ധി;
## ഇത് സ്മൃതി ഇറാനിയുടെ മധുരപ്രതികാരം.



വാശിയേറിയ മത്സരം നടന്ന ഉത്തർപ്രദേശിലെ അമേഠിയിൽ കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധിക്ക് തോൽവി. കേന്ദ്രമന്ത്രിയും ബി.ജെ.പി. നേതാവുമായ ഇറാനിയോട് നാല്പതിനായിരത്തിലധികം വോട്ടുകൾക്കാണ് രാഹുൽഗാന്ധിയുടെ പരാജയം.

---

# ലോക്സഭാ തെരഞ്ഞെടുപ്പിലെ വിജയം;
## മോദിയെ പ്രശംസിച്ച് പാക് പ്രധാമന്ത്രി ഇമ്രാൻ ഖാൻ



'ബി.ജെ.പിയുടേയും സഖ്യകക്ഷികളുടേയും തെരഞ്ഞെടുപ്പ് വിജയത്തിൽ ഞാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അഭിനന്ദിക്കുന്നു. ദക്ഷിണേഷ്യയിലെ സമാധാനം, വികസനം എന്നീ വിഷയങ്ങളിൽ ഇന്ത്യയോടൊപ്പം ചേർന്ന് ഒരുമിച്ച് പ്രവർത്തിക്കാൻ കഴിയുമെന്ന് കരുതുന്നു' – എന്നായിരുന്നു ഇമ്രാൻ ഖാന്റെ ട്വീറ്റ്.

# ബിജെപിയോടുള്ള എതിർപ്പ് കോൺഗ്രസിന് അനുകൂലമായി; കാരണങ്ങൾ വിലയിരുത്തും: പിണറായി.



ബിജെപിക്ക് കേരളത്തിൽ സീറ്റൊന്നും ലഭിക്കാത്ത സാഹചര്യം രൂപപ്പെടാൻ ഇടയാക്കിയത് എൽഡിഎഫിൻറെ ഈ രാഷ്ട്രീയ നിലപാടുകളാണ്. ബിജെപി സർക്കാരിനെതിരായുള്ള കേരള ജനതയുടെ എതിർപ്പ് കോൺഗ്രസിന് അനുകൂലമായി മാറുന്ന സ്ഥിതിയാണ് കേരളത്തിൽ ഉണ്ടായതെന്നും പിണറായി പറഞ്ഞു

# തെരഞ്ഞെടുപ്പ് തിരിച്ചടി; എല്ലാ പരാജിതരും പരാജിതരല്ലെന്ന് മമത



'വിജയികൾക്ക് അഭിനന്ദനം. എന്നാൽ എല്ലാ പരാജിതരും പരാജിതരല്ല. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അവലോകനം നടത്തി തങ്ങളുടെ കാഴ്ചപ്പാടുകൾ എല്ലാവരെയും അറിയിക്കും. വോട്ടെണ്ണൽ മുഴുവൻ കഴിയുകയും വിവിപാറ്റുകളുമായി ഒത്തുനോക്കുകയും ചെയ്യട്ടെ' – മമത പറഞ്ഞു.

# ഡൽഹി ഇത്തവണയും തൂത്തുവാരി ബിജെപി



ഏഴ് സീറ്റുകളിലും വ്യക്തമായ ലീഡാണ് ബിജെപിക്കുള്ളത്.തുടക്കത്തിൽ ഒരു സീറ്റിൽ കോൺഗ്രസിന് ലീഡ് നേടാനായെങ്കിലും പിന്നീട് ഇവിടെയും ബിജെപി തന്നെ മുന്നേറി.

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖുവൈൻ |
|---|---|---|---|---|---|---|
| 7.03 PM | 7.07 PM | 7.03 PM | 7.03 PM | 6.57 PM | 6.59 PM | 6.59 PM |